**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3865** **27-06-2024 - ൽ മറുപടിയ്ക്ക്**

**കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിലെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ശ്രീമതി ജെ ചിഞ്ചുറാണി**<br>**(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ വർക്കർ/പ്ലാന്റ് അറ്റൻഡർ ഗ്രേഡ് III എന്ന തസ്തികയിൽ സംസ്ഥാനത്ത് ഏതെല്ലാം ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (എ) | കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷന്റെ കീഴിലുള്ള ആലപ്പുഴയിലും പാലക്കാടുമുള്ള യൂണിറ്റുകളിലാണ് പ്ലാന്റ് അറ്റൻഡർ തസ്തിക നിലവിലുള്ളത്. ഒഴിവുള്ള 47 തസ്തികകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൽ നിലവിൽ 38 ഉദ്യോഗാർത്ഥികളുടെ നിയമന ശുപാർശ ലഭ്യമാക്കിയിട്ടുമുണ്ട്. |
| (ബി) | പി.എസ്.സി. മുഖേന കാറ്റഗറി നമ്പർ 066/2021 പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ വർക്കർ/പ്ലാന്റ് അറ്റൻഡർ ഗ്രേഡ് III തസ്തികയിൽ നിയമിക്കുന്നതിനായി എത്ര പേർക്ക് നിയമന ഉത്തരവ് അയച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; നിയമന ഉത്തരവ് അയയ്ക്കുന്നത് സംബന്ധിച്ച നിലവിലെ സ്റ്റാറ്റസ് ലഭ്യമാക്കാമോ; | (ബി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 15.03.2024 ലെ അഡ്വൈസ് മുഖാന്തിരം വർക്കർ/പ്ലാന്റ് അറ്റൻഡർ ഗ്രേഡ്-III തസ്തികയിലേയ്ക്ക് 38 ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷൻ കാര്യാലയത്തിൽ ലഭ്യമാക്കിയിരുന്നു. ആയതിൽ 29 ജനറൽ വിഭാഗവും (കാറ്റഗറി നം. 66/2021) 9 സൊസൈറ്റി വിഭാഗവും (കാറ്റഗറി നം. 67/2021) ഉൾപ്പെട്ടിരുന്നു. എന്നാൽ 03/10/2012 ലെ സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ GO(P)No.229/2012/AD പ്രകാരം കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷന്റെ സൊസൈറ്റി വിഭാഗം എന്നത് കെ.സി.എം.എം.എഫ് - ൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന മൂന്ന് മേഖലാ യൂണിയനുകളാണ്. എന്നാൽ നിലവിൽ പി.എസ്.സി ലഭ്യമാക്കിയിരിക്കുന്ന നിയമന ശുപാർശയിൽ മേഖല യൂണിയനുകളുടെ പരിധിയിൽ വരുന്ന സംഘം ജീവനക്കാർ (ആപ്കോസ്) ഉൾപ്പെട്ടിരിക്കുന്നതായി മനസ്സിലാക്കുന്നു. മേൽ സർക്കാർ ഉത്തരവ് അനുസരിച്ച് മേഖലാ യൂണിയനുകളുടെ പരിധിയിൽ വരുന്ന സംഘം ജീവനക്കാർ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷന്റെ സൊസൈറ്റി വിഭാഗത്തിൽ ഉൾപ്പെടുന്നതല്ല. 03/10/2012 ലെ സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ GO(P)No. 229/2012/AD വിജ്ഞാപനം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളത് കേരള പബ്ലിക് സർവ്വീസ് |

| | | | |
|---|---|---|---|
| | | | കമ്മിഷന്റെ (19.09.2012 ലെ A III (3) 36571/98/CW) ശുപാർശയുടെ കൂടി അടിസ്ഥാനത്തിലാണ്.<br><br>15/03/2024 ലെ പി.എസ്.സി അഡ്വൈസിൽ മേഖലാ യൂണിയന്റെ പരിധിയിൽ വരുന്ന ക്ഷീരോല്പാദക സഹകരണ സംഘം ജീവനക്കാർ (ആപ്കോസ് ജീവനക്കാർ) ഉൾപ്പെട്ടിരിക്കുന്നുവെങ്കിൽ ആയത് ഭേദഗതി വരുത്തി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് കൊണ്ട് കേരള സഹകരണ ക്ഷീരവിപണന ഫെഡറേഷനിൽ നിന്നും കേരള പബ്ലിക് സർവ്വീസ് കമ്മിഷന് രണ്ട് കത്ത് സമർപ്പിച്ചിരുന്നുവെങ്കിലും നാളിതുവരെയും യാതൊരുവിധ മറുപടിയും ലഭ്യമായിട്ടില്ല. ഫെഡറേഷന്റെ റിക്രൂട്ട്മെന്റ് റൂൾസ് പ്രകാരം ഏറ്റവും കുറവ് അടിസ്ഥാന ശമ്പളമുള്ള തസ്തികയാണ് വർക്കർ/ പ്ലാന്റ് അറ്റൻഡർ ഗ്രേഡ്–III. കൂടാതെ 26/05/2020 ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് മേൽ തസ്തികയിലേയ്ക്ക് ഉള്ള റിക്രൂട്ട്മെന്റ് റൂൾസ് അംഗീകരിച്ച് ലഭ്യമാക്കിയിരുന്നത്. ആയത് പ്രകാരം ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യതിനു ശേഷമുള്ള ആദ്യത്തെ നിയമന ശുപാർശയാണ് നിലവിൽ ലഭ്യമാക്കിയിരിക്കുന്നത്. പി.എസ്.സി ജനറൽ വിഭാഗത്തിനും സൊസൈറ്റി വിഭാഗത്തിനുമുള്ള ഉദ്യോഗാർത്ഥികളുടെ വിശദാംശങ്ങൾ ഒരേ അഡ്വൈസിലാണ് ലഭ്യമാക്കിയിരിക്കുന്നത്. ആയത് കൊണ്ട് തന്നെ ജനറൽ വിഭാഗത്തിനും നിയമന ഉത്തരവ് നൽകുവാൻ സാധിച്ചിട്ടില്ല. ടി ഫയൽ നിലവിൽ പി.എസ്.സി യുടെ പരിഗണനയിലാണ്. |
| (സി) | കേരള പി.എസ്.സി. കാറ്റഗറി നമ്പർ 066/2021 പ്രകാരം പ്രസ്തുത സ്ഥാപനത്തിൽ വർക്കർ/പ്ലാന്റ് അറ്റൻഡർ ഗ്രേഡ് III എന്ന തസ്തികയുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 2024 ജൂൺ 15-ന് അവസാനിക്കുന്നതിനാൽ 2024 മാർച്ച് 15-ന് അഡ്വൈസ് മെമ്മോ അയച്ചവരുടെ നിയമന ഉത്തരവിനെ ഇത് ബാധിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ടി റാങ്ക് ലിസ്റ്റ് ജനറൽ വിഭാഗം 66/2021, 22/02/2024 ലും സൊസൈറ്റി വിഭാഗം 18/12/2023 തീയതിയിലുമാണ് നിലവിൽ വന്നിട്ടുള്ളത്. ആയതിന് 3 വർഷം കാലാവധിയുള്ളതുമാണെന്ന് അറിയിച്ചു കൊള്ളുന്നു. കൂടാതെ ടി വിഷയത്തിൽ മേൽ വിവരിച്ചിട്ടുള്ള സാഹചര്യം നിലനിൽക്കുന്ന സാഹചര്യത്തിൽ 15/03/2024 ലെ അഡ്വൈസ് പ്രകാരം ലഭ്യമാക്കിയിട്ടുള്ള ജനറൽ വിഭാഗം ഉദ്യോഗസ്ഥരുടെ നിയമനത്തെ ആയത് ബാധിക്കില്ലായെന്ന് പി.എസ്.സി യിൽ അന്വേഷിച്ചതിൽ നിന്നും അറിയുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ